കോളകമ്പനിയുടെ സ്ഥലത്ത് കൃഷിയിറക്കൽ ഉൾപ്പെടെ വൈവിധ്യമുള്ള സമരമാർഗ്ഗങ്ങളിലൂടെ പ്ലാച്ചിമട സമരം അതിന്റെ അന്തിമ പോരാട്ടത്തിലേക്ക് പ്രവേശിക്കുകയാണെങ്കിൽ അതിലൂടെ ബിൽ ഉൾപ്പെടെ മിക്ക ആവശ്യങ്ങളും നേടിയെടുക്കാൻ കഴിയും.

**9.** സമര നേതൃത്വത്തിന്റെ ഇതുവരെയുള്ള ശക്തി-ദൗർബല്യങ്ങളെ തിരിച്ചറിഞ്ഞ്, അതിനെ മറികടക്കുന്ന തരത്തിലുള്ള ശക്തമായ സമരപരിപാടികളുമായി മുന്നോട്ട് പോവുകയാണെങ്കിൽ ഐക്യപ്പെടാനും വിജയം വരെ ഒപ്പം നിൽക്കാനും പൊതുസമൂഹം ഉണ്ടാകും.

**10.** വിഭവങ്ങളുടെ സംരക്ഷണത്തിന് പ്രാദേശിക ജനതയ്ക്ക് അധികാരം നൽകുന്നതിനുള്ള പരിഷ്കരണം ഈ സമരം കൊണ്ട് നേടിയെടുക്കാനായില്ലെങ്കിലും അത്തരം പരിഷ്കരണങ്ങൾക്ക് വേണ്ടിയുള്ള ആലോചനകൾ തുടങ്ങാനെങ്കിലും ഈ സമരത്തിന് കഴിഞ്ഞു. വിഭവങ്ങളുടെ മേലുള്ള അധികാരം ആർക്ക് എന്ന അടിസ്ഥാന ചോദ്യം പൊതുമണ്ഡലത്തിൽ ഉയർത്തിക്കൊണ്ടുവരാനായതുകൊണ്ട് പിന്നീട് വരുന്ന ജനകീയ സമരങ്ങൾക്ക് പ്ലാച്ചിമട സമരം ഊർജ്ജമായി മാറി എന്നതാണ് വലിയ വിജയമായി ഞാൻ കാണുന്നത്. ■



കോളയുടെ ആസ്തികൾ കണ്ടുകെട്ടുന്ന സമരത്തിൽ പങ്കെടുത്ത് അറസ്റ്റ് വരിക്കുന്ന മുത്തുലക്ഷ്മി അമ്മ

# സമരം സംഘടനയാകരുത്

**അഡ്വ. ജോർജ്ജ് പുലികുത്തിയിൽ**

(ജനനീതി)

**1.** കോളകമ്പനിയുടെ അമിതമായ സ്വാധീനം എന്നതിലുപരി ഭരണകൂടങ്ങളുടെയും രാഷ്ട്രീയപാർട്ടികളുടെയും ജനവിരുദ്ധ നയങ്ങളും അഴിമതിയും വികസനത്തെക്കുറിച്ചുള്ള വികലമായ കാഴ്ചപ്പാടുകളും പ്ലാച്ചിമടയിലെ നഷ്ടപരിഹാര ട്രിബ്യൂണൽ ബിൽ നടപ്പിലാകാത്തതിന് കാരണങ്ങളായി കാണാം. കേരളത്തിലെ മദ്ധ്യവർഗ്ഗം ഇന്നും ഇരുട്ടിലാണ്. കോള ഉല്പന്നങ്ങളുടെ ഉപഭോക്താക്കൾ അവരാണ്. കേരള സമൂഹത്തിൽ ഇക്കൂട്ടർ സൃഷ്ടിക്കുന്ന 'നെഗറ്റീവ് ഇംപാകാറ്റ്' വളരെ വലുതാണ്.

**2.** സമരത്തിന്റെ ദുർബലതയാണ് എന്ന് പറയാൻ കഴിയില്ല. വഞ്ചകരും 'കുലം കുത്തി'കളും ഭരണത്തിലിരുന്നുകൊണ്ട് കോളക്കമ്പനികളെ പ്രീണിപ്പിക്കുന്നു എന്നല്ലേ അതിനർത്ഥമുള്ളൂ. സമരം ചെയ്യുന്നത് വളരെ സാധാരണക്കാരായ ജനങ്ങളാണ്. എത്ര കാലം അവർക്ക് സമരത്തിന്റെ പാതയിൽ സജീവമായി നിൽക്കാൻ കഴിയും? അവർക്കുമില്ലേ ജീവിതം? കുടുംബം? മക്കൾ? ഇതിനർത്ഥം സമരം ഇനിയും ശക്തിപ്പെടില്ല എന്നല്ല. ശ്രദ്ധിക്കേണ്ടകാര്യം, സമരത്തിന്റെ നേതൃത്വം ഒരേ കൈകളിൽ ദീർഘകാലം

പാടില്ല എതാണ്. സമരം ഒരു സംഘടനയോ പ്രസ്ഥാനമോ ആകാതെ 'മൂവ്മെന്റ്' ആയി നിലനിൽക്കണം. പ്രത്യയശാസ്ത്രങ്ങളോ സംഘബലമോ അതിനെ കീഴടക്കരുത്. നിർണ്ണായക തീരുമാനങ്ങൾ എടുക്കേണ്ടത് ഇരകളായിരിക്കണം.

**3.** മുൻ നിരയിലുള്ളവർ പലപ്പോഴും തദ്ദേശീയ ജനതയുടെ വക്താക്കളല്ലാത്തതിനാൽ മുൻഗണനകൾ തെറ്റുന്നതിനുള്ള സാധ്യത ഏറെയാണ്. സമരത്തിൽ പങ്കെടുത്തിരുന്ന തദ്ദേശവാസികളല്ലാത്തവർക്ക്, വിരുദ്ധ താല്പര്യങ്ങൾ (conflict of interests) ഉള്ളതായി തോന്നിയപ്പോഴാണ് ജനനീതി പ്ലാച്ചിമട സമരരംഗത്ത് സജീവമല്ലാതായത്. ഐക്യദാർഢ്യസമിതി പ്രവർത്തകർ അവരുടെ പരിമിതികളിൽ നിന്നുകൊണ്ട് സഹകരിച്ചതായാണ് എന്റെ വിശ്വാസം. സ്വന്തം ഉത്തരവാദിത്തങ്ങളും സാമ്പത്തിക ക്ലേശങ്ങളുമാണ് എന്നെ അധികമായും പിന്നോട്ട് വലിച്ചത്.

**4.** ശാക്തീകരണത്തോടൊപ്പം സംഭവിക്കുന്നതാണ് തിരിച്ചറിവ്. പ്ലാച്ചിമടയിലെ ജനങ്ങൾ ചില വസ്തുതകൾ തിരിച്ചറിഞ്ഞിരിക്കുന്നു. അതിനാൽ അവർ എല്ലാവരേയും പഴയപോലെ വിശ്വസിക്കാതെയായി. നമുക്കെല്ലാവർക്കും സംഭവിക്കുന്ന 'മടുപ്പ്' എന്ന രോഗം അവരെയും ബാധിക്കുന്നുണ്ടാകണം.

**5.** രാഷ്ട്രീയമായി ഏറെ ചെയ്യാനുണ്ട്. സഹനസമരത്തിന്റെ പാത അടഞ്ഞിട്ടുണ്ടാകണം. എന്നാൽ പൗരാവകാശങ്ങളുടെ മാർഗ്ഗം അടയുന്നില്ല.

**6.** ബാധിച്ചിട്ടുണ്ടെന്ന് ഞാൻ കരുതുന്നു. അത് എത്രത്തോളം 'നെഗററീവ് ഇംപാക്ററ്' ഉണ്ടാക്കിയിട്ടുണ്ടെന്നതിനെ ആശ്രയിച്ചാവും പുനർജ്ജീവിപ്പിക്കാൻ കഴിയുമോ എന്നത്. സമരം പൂർണ്ണമായും പുതിയൊരു സംഘത്തെ ഏൽപ്പിക്കാൻ കഴിഞ്ഞാൽ പുതിയ ചിന്തകൾ ഉരുത്തിരിഞ്ഞേക്കാം.

**7.** ഈ വിഷയത്തിൽ എന്റെ അറിവ് വളരെ കുറവാണ്.

**8.** കേരള സർക്കാർ ശക്തമായ നടപടിയ്ക്ക് ആവശ്യപ്പെട്ടാൽ നടക്കാവുന്നതേയുള്ളൂ. സംസ്ഥാന സർക്കാരിനെക്കൊണ്ട് അത് ചെയ്യിപ്പിക്കാൻ കഴിയണം.

**9.** വിജയിച്ച സമരങ്ങളുടെ പട്ടികയിലാണല്ലോ പ്ലാച്ചിമട. അതുകൊണ്ട് സമരം ഫലം കണ്ടില്ലെന്ന് പറയാൻ കഴിയില്ല. ജീർണ്ണത സംഭവിച്ചത് സമരനേതൃത്വത്തിനാണ്. അതുകൊണ്ടാണ് സമരനേതൃത്വം മാറണം എന്ന് പറയുന്നത്.

**10.**. പഞ്ചായത്തീരാജ് ആക്ട് അനുസരിച്ച് പഞ്ചായത്തുകൾക്കുണ്ടാകേണ്ട അധികാരം കവർന്നെടുത്തത് ആരാണ്? ഏകജാലക സംവിധാനം തന്നെ പഞ്ചായത്തിന്റെ അധികാരത്തെ കവർന്നെടുത്തില്ലേ? പഞ്ചായത്തീരാജ് നിയമങ്ങളെയും അവ പ്രാദേശിക ഭരണസ്ഥാപനങ്ങൾക്ക് നൽകുന്ന വിപുലമായ അധികാരങ്ങളെയും കവർന്നുകൊണ്ടാണ് പുതിയ വികസന സങ്കല്പങ്ങളും വികസന സംരംഭങ്ങളും ഉണ്ടാകുന്നത്. പരമാധികാര രാജ്യത്തിന്റെ അഖണ്ഡതയെ പോലും അത് ചോദ്യം ചെയ്യുന്നില്ലെ? വല്ലാർപാടത്ത് വന്നിറങ്ങുന്ന കണ്ടെയ്നറുകളിൽ എന്താണെ് അന്വേഷിക്കാൻപോലും കഴിയാത്ത ഒരു രാജ്യത്തിന്റെ ദൈന്യതയെക്കുറിച്ച് എന്താണ് പറയുക? ■

